**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1423 30.09.2011 - ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ് | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഏതെല്ലാം കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളത് ; | (എ) | വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ CARBOFURAN, PHORATE, METHYL PARATHION, MONOCROTOPHOS, METHYL DEMETONഎന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ TRIAZOPHOS,PREPHENOPHOS എന്നിവയും കുമിൾ നാശിനികളായ EDIPHENPHOS, TRICYCLAZOLE, OXYTHIOQUINOS എന്നിവയും കളനാശിനികളായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN എന്നിവയാണ് കേരളത്തിൽ ജി.ഒ.(എം.എസ്) നമ്പർ116/2011/കൃഷി തീയതി, 07-05-2011-ലെ ഉത്തരവ് പ്രകാരം നിരോധിച്ചത്. |
| (ബി) | കഴിഞ്ഞ സർക്കാർ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ചെയ്ത സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിത ബാധിതപരിഹാര സെല്ലിലേയ്ക്ക് 2006ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 10 ലക്ഷം രൂപ പുനരധിവാസത്തിനായി അനുവദിച്ചു. വിവിധ വർഷങ്ങളിലായി കാസർഗോഡ് ജില്ലാപഞ്ചായത്ത് 20 ലക്ഷം രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസത്തിനായി വകയിരുത്തി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും രോഗികൾക്ക് തുടർചികിത്സ ലഭ്യമാക്കി.<br>എൻഡോസൾഫാൻ ദുരിതം മൂലം |

ഗുരുതരമായതും ദീർഘകാല ചികിത്സാ ആവശ്യമുള്ളതുമായരോഗാവസ്ഥയിലുള്ള വരും തൊഴിലെടുക്കാനാവാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷനായി 300/- രൂപ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപ നിരക്കിലും എൻഡോസൾഫാൻ ദുരിതബാധിതരായ തുടർ ചികിത്സ ആവശ്യമുള്ളവർക്ക് 1000/ - രൂപ നിരക്കിലും പ്രതിമാസ ധനസഹായ പദ്ധതി ആവിഷ്ക്കരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എൻഡോസൾഫാൻ ദുരന്തനിവാര ണത്തിനായി 1.25 കോടി രൂപ അനുവദിച്ചു. 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി ഒരു രോഗിക്ക് 50,000/- രൂപ വരെ ചികിത്സാസഹായം നൽകി. മരണമടഞ്ഞവ രുടെ ആശ്രിതർക്ക് 50,000/- രൂപ വീതം ധനസഹായം നൽകി. കൂടാതെ രോഗികളുടെ കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1-7 വരെ ക്ലാസ്സിൽ 1000/- രൂപയും 8 -10 വരെ ക്ലാസ്സിൽ 1500/- രൂപയും +2 വരെയുള്ളവർക്ക് 2500/-രൂപയ ും നൽകി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായമാണ് നൽകിയിട്ടുള്ളത് ?

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ലഭ്യമാക്കി. മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ധനസഹായം 50000/- രൂപയിൽ നിന്നും 100000/- രൂപ യായി വർദ്ധിപ്പിച്ചു. എൻഡോസൾഫാൻ ദുരിതത്തിൽപ്പെട്ട എല്ലാ കുടുംബാംഗങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകി. ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം യഥാക്രമം 2000/-, 3000/-, 4000/- രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ